നം. എൽ.എഫ്.പി.റ്റി.എ.പി9/1165/14 തീയതി: 16.12.14/22.12.2014

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 18 -ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : **ശ്രീ.വി.കെ. ഷാജി, ഡെപ്യൂട്ടി ഡയറക്ടർ**

ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം : **എൽ.എഫ്.പി.റ്റി.എ.പി.1/556/(38)/2013 തീയതി 17-10-13: (വിശേഷണങ്ങളില്ലാത്തത്)**

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 06-04-2013 മുതൽ 22-10-2014വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം
23.10.2014 മുതൽ 30.10.2014 വരെ	ശ്രീ.റ്റി.അനിൽകുമാർ. (ഓഡിറ്റ് ഓഫീസർ)ശ്രീ.എം.ഹരികുമാർ (സീനി.ഗ്രേഡ് ഓഡിറ്റർ)ശ്രീമതി.എസ്.ദീപ (സീനി.ഗ്രേഡ് ഓഡിറ്റർ)ശ്രീ.അരുൺകുമാർ.എസ് (ഓഡിറ്റർ)ശ്രീ.പി.അനിൽകുമാർ. (ഓഡിറ്റർ)

<u>നിർവ്വഹണാധികാരികൾ</u>

പ്രസിഡന്റ്	ശ്രീമതി എൽസി ഈശോ	(01.04.12മുതൽ 31.03.13വരെ)
സെക്രട്ടറി	ശ്രീ. പി.കെ. ജോൺ	(01.04.12മുതൽ 31.03.13വരെ)

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം.</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം 1: പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ,ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

ഭാഗം 1: പൊതു അവലോകനം

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

മൈലപ്ര ഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം തയ്യാറാക്കി അംഗീകരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് അംഗീകരിച്ച തീയതി	ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയ തീയതി	ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ്/ചെലവ്		യഥാർത്ഥ തുക	കുറവ്	കുറവ് ശതമാനത്തിൽ
2012-13	30.03.12	–	വരവ്	37644377	32543972	5100405	13.54
			ചെലവ്	34732000	25620846	9111154	26.23

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2012-13 വർഷം വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരം വാങ്ങുകയുണ്ടായില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള യഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 22.03.2012 ലും ജനറൽ കമ്മിറ്റിയിൽ 30.03.2012 ലുമാണ് ബജറ്റ് പാസ്സാക്കിയിട്ടുള്ളത്. ഇത് പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ അന്തഃസത്തയ്ക്കു വിരുദ്ധമാണ്.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 295654 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയാത്ത രീതിയിൽ ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ, 150000 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-2 വാർഷിക കണക്കുകൾ

2012-13 ലെ വാർഷിക കണക്കുകൾ പരിശോധിച്ച് വിശേഷണങ്ങളില്ലാത്ത സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

1-3 രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ്

നികുതി-നികുതിയേതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ കൃത്യമായി എഴുതിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. എന്നാൽ വൗച്ചറുകളുടെ സൂക്ഷിപ്പ് ഒട്ടും തൃപ്തികരമല്ല.

1-4 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. 2007-08 വർഷം വരെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾകൂടി ഇപ്രകാരം മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-5 ഫണ്ട് വിനിയോഗം

2012-13 വർഷം പഞ്ചായത്തിലെ വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	പ്രാരംഭ ബാക്കി	വരവ്	ആകെ വരവ്	ചെലവ്	ചെലവ് ശതമാനം
വികസന ഫണ്ട് (ജനറൽ)	389084	3762142	4151226	3213227	77.40%
വികസന ഫണ്ട് (എസ്.സി.പി)	864445	1597000	2461445	1564919	63.58%
സംരക്ഷണ ഗ്രാന്റ് (റോഡ്)	288560	2639000	2927560	1664596	56.86%
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	511518	1056611	1568129	949274	60.54%
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	82029	2171068	2253097	2053475	91.14%
KLGSDP	618000	1253000	1871000	146579	7.83%

1-6 ഗ്രാമസഭ

ജനങ്ങളുടെ സജീവ പങ്കാളിത്തം പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ ഉറപ്പുവരുത്തുന്നതിനുള്ള മുഖ്യ ജനകീയ വേദിയാണ് ഗ്രാമസഭ. 73-ാം ഭരണഘടനാ ഭേദഗതിയിൽ നിർവചനങ്ങൾ കഴിഞ്ഞാൽ വരുന്ന ആദ്യത്തെ അനുഛേദവും പഞ്ചായത്ത് രാജ് നിയമത്തിൽ നിർവചനം കഴിഞ്ഞാൽ വരുന്ന ആദ്യത്തെ അദ്ധ്യായവും ഗ്രാമസഭയെക്കുറിച്ചുള്ളതാണ് എന്നത് അതിന്റെ പ്രാധാന്യം വിളിച്ചോതുന്നു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ മൂന്നു മാസത്തിലൊരിക്കൽ കൺവീനറായ വാർഡ് മെമ്പർ വിളിച്ചു ചേർക്കണമെന്നാണ് വ്യവസ്ഥ. ഇത്തരം രണ്ട് യോഗങ്ങൾ തുടർച്ചയായി വിളിച്ചുചേർക്കുന്നതിന് വീഴ്ചവരുത്തിയാൽ ജനപ്രതിനിധിയുടെ സ്ഥാനം നഷ്ടപ്പെടാൻ വ്യവസ്ഥയുണ്ട്. ഇത് ഗ്രാമസഭയുടെ പ്രാധാന്യം ഒന്നുകൂടി വ്യക്തമാക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന ഇടവേളകളിൽ ഗ്രാമസഭ വിളിച്ചുചേർത്തിട്ടില്ല. നിയമം അനുശാസിക്കുന്ന പ്രകാരം ഗ്രാമസഭകൾ വിളിച്ചുചേർക്കാതിരിക്കുന്നത് നിയമനിർമ്മാണ സഭകൾ നിയമംമൂലം ജനങ്ങൾക്ക് നല്കിയിട്ടുള്ള അധികാരം നിഷേധിക്കുന്നതിന് തുല്യമാണ്. ഗ്രാമസഭയിൽ മതിയായ ജനപങ്കാളിത്തം ഇല്ല. ഗ്രാമസഭകളിൽ നിന്നും പദ്ധതി രൂപീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നുവരുന്നില്ല. വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ ചർച്ചകൾ ഗ്രാമസഭകളിൽ നടക്കുന്നില്ല. ഗ്രാമസഭ കേവലം ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വേദിയായി മാത്രം മാറിയിരിക്കുന്നു. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്കാളിത്തം പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉറപ്പുവരുത്തുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വർഷം ഗ്രാമസഭ ചേർന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം	ആകെ വോട്ടർമാർ	ഗ്രാമസഭ കൂടിയ തീയതി	പങ്കെടുത്തവരുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
I	641	24.07.2012 12.01.2013	36 39	42 42	78 81
II	532	24.07.2012 19.01.2013	26 28	39 45	65 73
III	659	29.07.2012 13.01.2013	29 32	41 35	70 67
IV	689	20.07.2012 11.01.2013	34 37	38 39	72 76
V	712	23.07.2012 11.01.2013	39 39	40 45	79 84
VI	699	22.07.2012 12.01.2013	41 36	45 39	86 75
VII	539	22.07.2012 13.01.2013	24 36	37 41	61 77
VIII	701	29.07.2012 13.01.2013	38 28	50 45	88 73
IX	504	22.07.2012 12.01.2013	33 24	35 38	68 62
X	593	27.07.2012 14.01.2013	29 27	41 35	70 62
XI	510	26.07.2012 16.01.2013	43 39	56 49	99 88
XII	757	22.07.2012 12.01.2013	36 49	49 76	85 125

XIII	591	30.07.2012	27	38	65
		17.01.2013	36	45	81

1-7 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് അധിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ മൈലപ്ര ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും പഞ്ചായത്തുഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-8 വെള്ളക്കരം

98 പൊതു ടാപ്പുകൾക്ക് പ്രതിമാസം 28583 രൂപ നിരക്കിൽ കുടിവെള്ളക്കരം നൽകിവരുന്നു. സംയുക്ത പരിശോധന നടത്തി നിലവിലുള്ളതും, വെള്ളം ലഭിക്കുന്നതുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ ജല അതോറിട്ടിയുടെ കണക്ക് പ്രകാരമാണ് വെള്ളക്കരം ഒടുക്കുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിട്ടിയുടെ സഹായത്തോടെ തിട്ടപ്പെടുത്തണമെന്ന് 30.05.09-ലെ സ.ഉ.(സാധാരണ)നം.1275/2009/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൈലപ്ര ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ല. 'ജലവിതരണവും, ശുചിത്വവും' എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഈ പ്രവർത്തനം നടത്തുന്നതിനും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12) പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി, കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കണമെന്നും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനും അതുവഴി പഞ്ചായത്തിനുണ്ടാകുന്ന ഭാരിച്ച ആവർത്തന ചെലവ് കുറച്ചുകൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-9 തെരുവു വിളക്കുകൾ- വൈദ്യുതി ചാർജ്ജ്

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. 2012-13 ൽ കറന്റ് ചാർജ്ജ് ഇനത്തിൽ പ്രതിമാസ ചെലവ് 59815രൂപയും ആകെ ചെലവ് 640362രൂപയുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന, 07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക 31.03.2013-നു മുൻപ് അടയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 50 ശതമാനം ഇളവ് കെ.എ.സ്.ഇ.ബി. പ്രഖ്യാപിച്ചിരുന്നു. യഥാസമയം തുക അടച്ചതിനാൽ പഞ്ചായത്തിനു ഈ ഇളവ് ലഭിച്ചു. 180372 രൂപ അടയ്ക്കേണ്ട സ്ഥാനത്ത് 90186 രൂപ മാത്രമേ അടയ്ക്കേണ്ടിവന്നുള്ളൂ. ഇത് അഭിനന്ദനാർഹമാണ്.

1-10 സാമൂഹ്യക്ഷേമ പെൻഷനുകൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	പെൻഷൻ ഇനത്തിൽ ചെലവ്
വാർദ്ധക്യകാല പെൻഷൻ	58	674058
വിധവ പെൻഷൻ	201	1479211
വികലാംഗപെൻഷൻ	65	500560
കർഷകതൊഴിലാളി പെൻഷൻ	137	696420
50 വയസ്സിനുമേൽ പ്രയമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	9	63315
തൊഴിൽരഹിത വേതനം	33	44400

പെൻഷൻ പുതുതായി അനുവദിച്ചത്

പെൻഷൻ ഇനം	പുതിയ പെൻഷൻ അപേക്ഷകൾ	പെൻഷൻ അനുവദിച്ചത്	അപേക്ഷ നിരസിച്ചത്
വാർദ്ധക്യകാല പെൻഷൻ	37	29	12
വിധവ പെൻഷൻ	42	37	5
വികലാംഗപെൻഷൻ	12	11	0
കർഷകതൊഴിലാളി പെൻഷൻ	13	13	0
50 വയസ്സിനുമേൽ പ്രയമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	--	--	
തൊഴിൽരഹിത വേതനം	2	1	1

1-11 പഞ്ചായത്തിന്റെ തനത് വരുമാന കമ്മി 26.32 ലക്ഷം രൂപ!

2012-13 വർഷത്തെ മെലപ്ര ഗ്രാമ പഞ്ചായത്തിന്റെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ളത്).

വരവ്		ചെലവ്	
വസ്തുനികുതി	12,09,870	എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ	35,46,298
തൊഴിൽ നികുതി	6,35,555	അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	591164
വാടക	28,200	ഓപ്പറേഷൻസ് & മെയിന്റനൻസ്	877,623
ഫീസുകൾ	3,04,488	ബാങ്ക് ചാർജ്ജസ്	1971
പലിശ	31,303	ആശാൻ ഗ്രാന്റ്	2200
മറ്റ വരവുകൾ	177,797		
ആകെ	**23,87,213**	**ആകെ**	**50,19,256**
		കമ്മി	**26,32,043**

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 21,14,074/- രൂപ ലഭിക്കുകയുണ്ടായി. ശമ്പളം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം മുതലായ ചെലവുകൾ പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടാണ് നിർവ്വഹിച്ചു പോരുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തു നികുതി. 1993-നു ശേഷം വസ്തുനികുതി പരിഷ്കരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വരുമാന വർദ്ധനവ് ഉണ്ടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2014-15 വർഷമാണ് വസ്തുനികുതി പരിഷ്കരിച്ചിട്ടുള്ളതും പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കാൻ ആരംഭിച്ചിട്ടുള്ളതും.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും ആയതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെടുന്നു. തനത് വരുമാനത്തിന്റെ അപര്യാപ്തതമൂലം പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് സംരക്ഷണ ഗ്രാന്റിൽ നിന്നാണ്.

തനത് വരുമാനം വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

-

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചില്ല; പഞ്ചായത്തിനു വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ലാ ത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)യനം.19/2011/തസ്വഭവ, തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും, കൂടിയ വസ്തുനികുതി 500 രൂപയുമാണ്. എന്നാൽ നാളിതുവരെ ഇതനുസരിച്ച് പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല. നിലവിൽ വസ്തുനികുതി പുതുക്കി നിശ്ചയിച്ചിട്ടില്ലാത്ത ടവറുകളുടെയും അവയിൽനിന്ന് ഈടാക്കിവരുന്ന നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

വാർഡ് നം/ കെട്ടിട നം	ടവറിന്റെ വിവരം	നിലവിൽ ഈടാക്കിവരുന്ന നികുതി

VIII/ 42A	ഭാരതി എയർടെൽ	1890
I/61C	ഇൻഡസ് ടവേഴ്സ്	583
VI/345B	ഇൻഡസ് ടവേഴ്സ്	583

വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിക്കുകയും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

2-2 മൊബൈൽ ടവറിന്റെ അസസ്സ്മെന്റിൽ പിഴവ് - പഞ്ചായത്ത്ഫണ്ടിനു നഷ്ടം

എട്ടാം വാർഡിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള, റിലയൻസ് കമ്മ്യൂണിക്കേഷന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ അപ്രൂവ്ഡ് പ്ലാൻ പരിശോധിച്ചതിൽ ആകെ ഏരിയയുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

ബി.റ്റി.എസ്.	20 ച.മീ.
ഡി.ജി.	4.5 ച.മീ
ഷെൽറ്റർ	10.5 ച.മീ.
ആകെ	**35 ച.മീ.**

മൊബൈൽ ടവറുകളും അനുബന്ധ സൗകര്യങ്ങളായ ഡി.ജി., ഷെൽട്ടർ എന്നിവയും ഒറ്റ യൂണിറ്റായി പരിഗണിച്ച് ഏരിയ കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ പ്രസ്തുത ടവറിന്റെ ഷെൽട്ടറിന്റെ ഏരിയ മാത്രമേ (**10.5** ച.മീറ്റർ) വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടുള്ളൂ. വസ്തുനികുതിയിനത്തിൽ 17500 രൂപ ലഭിക്കേണ്ട സ്ഥാനത്ത് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് 5907 രൂപ മാത്രമാണ്. നികുതിനിർണ്ണയത്തിലെ പിഴവ് തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

-

<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>ഭാഗം -3</u>
<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

3-1 കരിങ്ങാട്ടിൽപടി - വട്ടംകാലപടി റോഡ് റീ-ടാറിംഗ് പ്രവൃത്തി നടപ്പിലാക്കിയതിൽ ഭരണപരമായ വീഴ്ച - പഞ്ചായത്ത് ഫണ്ടിന് ലക്ഷങ്ങളുടെ നഷ്ടം

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2010-11-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത കരിങ്ങാട്ടിൽപടി-വട്ടംകാലാപടി റോഡ് റീടാറിംഗ് പ്രവൃത്തിയുടെ കരാറുകാരൻ തദ്ദേശവാസികൾ പണി തടസ്സപ്പെടുത്തിയതിനാൽ പ്രവൃത്തി ഉപേക്ഷിച്ചു. രണ്ട് വർഷത്തിനുശേഷം പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പാക്കിയപ്പോൾ ഗ്രാമപഞ്ചായത്തിന് 280247 രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2010-11-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോ.നം.S0050/11 പ്രകാരം ആവിഷ്കരിച്ച കരിങ്ങാട്ടിൽപടി-വട്ടംകാലാപടി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് വികസന ഫണ്ടിൽ നിന്നും 2,76,229 രൂപയും, റോഡ് മെയിന്റനൻസിന് ഗ്രാന്റിൽ നിന്നും 3,48,771 രൂപയും ഉൾപ്പെടെ ആകെ 6,25,000 രൂപ അടങ്കൽ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി (നം.665/10/DPC/DPO/PTA, dtd.08.06.10). ആയതു പ്രകാരം പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ പി.വി.ശശിധരൻ, മണ്ണിൽവീട്, ഉതിമൂട് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും പഞ്ചായത്തുമായി കരാർ ഉടമ്പടി വച്ച് (എഗ്രി.നം. 3/10-11, തീ. 29.7.10) പണി ആരംഭിക്കുകയും ചെയ്തു. പണി ആരംഭിച്ചപ്പോൾ തദ്ദേശവാസികളുടെ ഇടപെടൽ കാരണം കരാറുകാരൻ പണി നടത്താൻ സാധിക്കാതെ വരുകയും ടിയാൻ പണി ഉപേക്ഷിച്ച് പോകുകയും ചെയ്തു. പണിക്കാവശ്യമായ മെറ്റീരിയത്സ് സ്ഥലത്ത് അട്ടിവച്ച് CTE-യ്ക്ക് റിപ്പോർട്ട് അയക്കുകയും, പണി നടത്തുന്നതിനുവേണ്ടി രണ്ട് ദിവസം ലേബർ വർക്ക് ചെയ്യുകയും, പ്ലാന്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ സൈറ്റിൽ എത്തിക്കുകയും ചെയ്തതിനു ശേഷമാണ് തദ്ദേശവാസികൾ ഇടപെട്ട് പണി തടസ്സപ്പെടുത്തിയത്. ടെണ്ടർ എടുത്ത പ്രവൃത്തി നടത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരൻ തനിക്കുണ്ടായ 246615 രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിൽനിന്നും ഈടാക്കുന്നതിന് പത്തനംതിട്ട സബ് കോടതിയിൽ നഷ്ടപരിഹാരത്തിന് കേസ് നൽകുകയും ചെയ്തു. കരാറുകാരൻ പണി ഉപേക്ഷിച്ചു പോയ സാഹചര്യത്തിൽ 28.01.13-ലെ I(2) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കരാർ റദ്ദ് ചെയ്യുകയും, 2012-ലെ പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുകയും ചെയ്തു.

പുതുക്കിയ പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം പ്രവൃത്തി നടത്തിയ ഇനത്തിൽ വൻ നഷ്ടമാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളത്. മാത്രവുമല്ല കരാറുകാരന് വൻതുക നഷ്ടപരിഹാരം നൽകേണ്ട സ്ഥിതി വിശേഷവുമാണ് സംജാതമായിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള നിഷ്ക്രിയത്വവും, തെറ്റായ നടപടിയുമാണ് കാര്യങ്ങളെ ഇത്രത്തോളം സങ്കീർണ്ണമാക്കിയതെന്നാണ് ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റും, സൈറ്റ് പ്ലാനും പരിശോധിച്ചതിൽ ആകെ 1600 മീറ്റർ നീളമുള്ള ഈ റോഡിന്റെ 308 മീറ്റർ മുതൽ 1273 മീറ്റർ വരെ 965 മീറ്റർ ഭാഗം കുഴികളടച്ച് റീടാർ

ചെയ്യുന്നതിനാണ് ഗ്രാമപഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുള്ളതെന്ന് കണ്ടു. 13 വർഷം മുമ്പ് ടാർ ചെയ്യതും പൂർണ്ണമായും തകർന്നു കിടക്കുന്നതുമായ ഈ റോഡിന്റെ ഉദ്ദേശം മദ്ധ്യഭാഗം മാത്രം റീടാർ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. റോഡിന്റെ ആദ്യ 308 മീറ്റർ ഭാഗം പുനരുദ്ധരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചതായി അവകാശപ്പെട്ടാണ് ആ ഭാഗം എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയത്. എന്നാൽ ഈ ഭാഗത്ത് പണി നടത്താതെ താരതമ്യേന മെച്ചപ്പെട്ട നിലയിലുള്ള മദ്ധ്യഭാഗം മാത്രം റീ ടാറിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ് പൊതുജനങ്ങളുടെ എതിർപ്പിന് കാരണമായതെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. റോഡിന്റെ രണ്ടറ്റങ്ങളും വലിയ കയറ്റവും പൂർണ്ണമായും ടാർ ഇളകി തകർന്നു കിടക്കുകയുമാണെന്നും ഈ ഭാഗങ്ങൾ ഒഴിവാക്കി പൂർണ്ണമായും താറുമാറാകാത്തതും വാർഡ് മെമ്പറുടെ വീടിന്റെ അരികിലൂടെയുള്ള ഭാഗം മാത്രം പുനരുദ്ധരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രമിക്കുന്നതായും തദ്ദേശവാസികൾ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതായി ഫയലിൽ പരിശോധിച്ചതിൽ കണ്ടു. എന്നാൽ ഒരു ജനകീയ പ്രശ്നമെന്ന നിലയിൽ ഈ വിഷയത്തിൽ ഇടപെട്ട് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും കരാറുകാരന് പ്രവൃത്തി തുടർന്നു നടത്തുന്നതിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി പരാജയപ്പെട്ടു. ആയതിനാൽ ഈ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് കമ്മിറ്റിക്കാണ്.

പ്രവൃത്തിയുടെ ഭാഗമായി പണിസ്ഥലത്ത് സംഭരിച്ചതും അളവെടുത്ത് എം.ബുക്കിൽ (*എം.ബുക്ക് നം.1/2010-11*) രേഖപ്പെടുത്തിയതുമായ 81.939m^3 12mmമെറ്റൽ സൈറ്റിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ട് (Supply and stacking **12mm broken stone** for pot hole filling - 81.939m^3 @1254/m^3). പ്രവൃത്തിക്ക് ശേഖരിക്കുന്ന മെറ്റീരിയത്സിന്റെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തികഴിഞ്ഞാൽ ആയത് ഡിപ്പാർട്ട്മെന്റൽ മെറ്റീരിയത്സായി പരിഗണിക്കപ്പെടുന്നതും ആയതിന്റെ ഉടമസ്ഥാവകാശം ഡിപ്പാർട്ട്മെന്റിൽ, അതായത് സ്ഥാപനത്തിൽ നിക്ഷിപ്തമാകുന്നതുമാണ്. പ്രവൃത്തി തടസ്സപ്പെട്ട സാഹചര്യത്തിൽ പണിസ്ഥലത്ത് സംഭരിച്ച മെറ്റൽ സ്ഥാപനത്തിന് നഷ്ടം വരാത്തവിധം വിനിയോഗിക്കുകയോ കൈയ്യൊഴിക്കുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിക്ക് ശേഖരിച്ചതും, സ്ഥാപനത്തിന് അവകാശപ്പെട്ടതുമായ മെറ്റൽ സൈറ്റിൽനിന്നും നഷ്ടപ്പെട്ടെങ്കിലും ആയതിനെതിരെ യാതൊരുനടപടികളും അധികൃതർ സ്വീകരിച്ചിട്ടില്ല. 102752 രൂപയുടെ നഷ്ടമാണ് ഈ ഇനത്തിൽ സ്ഥാപനത്തിന് ഉണ്ടായിട്ടുള്ളത്.

പ്രവൃത്തിയുടെ അസ്സൽ എസ്റ്റിമേറ്റ് പ്രകാരം 965 മീറ്റർ നീളം റോഡ് റീടാർ ചെയ്യുന്നതിന് 623790 രൂപ ചെലവ് പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 2012-ലെ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം പ്രവൃത്തി നടത്തിയപ്പോൾ 730 മീറ്റർ റീടാർ ചെയ്യുന്നതിന് 649373 രൂപ ചെലവായി. അതായത് റീടെണ്ടർ ചെയ്ത് പ്രവൃത്തി നടത്തിയപ്പോൾ ഒരു മീറ്റർ റോഡ് ചെയ്യുന്നതിന് ഉദ്ദേശ്യം 243.14 രൂപ ക്രമത്തിൽ 1,77,490 രൂപ ഗ്രാമപഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടതായി വന്നു. ഈ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ഇതിനകം ഉണ്ടായ വ്യക്തമായ നഷ്ടം (സംഭരിച്ച മെറ്റൽ നഷ്ടമായ ഇനത്തിലും, പ്രവൃത്തി നടത്തുന്നതിനുണ്ടായ അധിക ചെലവ് ഇനത്തിലും) 280247 രൂപയാണ്. പ്രസ്തുത നഷ്ടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽനിന്നും ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

പ്രവൃത്തിക്ക് ശേഖരിച്ച മെറ്റീരിയത്സ് നഷ്ടപ്പെട്ട ഇനത്തിൽ 1,45,115.77 രൂപയാണ് കരാറുകാരനായ ശ്രീ ശശിധരൻ ഗ്രാമപഞ്ചായത്തിൽനിന്നും നഷ്ടപരിഹാരമായി അവശ്യപ്പെട്ടിരിക്കുന്നത്. ഇതുകൂടാതെ മറ്റിനങ്ങളിൽ കരാറുകാരന് ചെലവായ 101500 രൂപ കൂടി നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിരിക്കുന്നു. കരാറുകാരന് അനുകൂലമായി കോടതി വിധി പ്രസ്താവിക്കുകയാണെങ്കിൽ 2,46,615.77 രൂപ 18% പിഴപലിശ ഉൾപ്പെടെ കരാറുകാരന് നല്കേണ്ടതായി വരും. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ഭാവിയിൽ ഉണ്ടാകാവുന്ന ഏതൊരു നഷ്ടത്തിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഉത്തരവാദികളായിരിക്കുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

3-2 വികസന ഫണ്ട്/മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിലുണ്ടായ കുറവ് മൂലം ഗ്രാമപഞ്ചയത്തിനുണ്ടായ നഷ്ടം 17.14 ലക്ഷം രൂപ

12..4.06-ലെ സ.ഉ.(പി.)177/2006/ധന നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം ഒരു വാർഷിക പദ്ധതിയിൽ വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമാകുന്ന (ക്യാരി ഓവർ തുക ഉൾപ്പെടെ) തുകയുടെ നിശ്ചിത ശതമാനം (2007-08 മുതൽ 2009-10 വരെ ഇത് 80 ശതമാനവും, 2010-11-ൽ 70 ശതമാനവും, 2011-12, 2012-13 വർഷങ്ങളിൽ 60 ശതമാനവുമായിരുന്നു) ആ വർഷം ചെലവഴിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതത്തിൽനിന്നും വിനിയോഗത്തിലെ ഷോർട്ട് ഫാൾ തുടർന്നുള്ള രണ്ടാമത്തെ വർഷം സർക്കാർ കുറവ് ചെയ്യുന്നതാണ്.

2008-09 മുതൽ 2012-13 വരെ കാലയളവിൽ ഫണ്ട് വിനിയോഗത്തിലുണ്ടായ വീഴ്ചമൂലം മൈലപ്ര ഗ്രാമപഞ്ചായത്തിനുള്ള ബജറ്റ് വിഹിതത്തിൽനിന്നും സർക്കാർ 17.14 ലക്ഷം രൂപ കുറവ് ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഫണ്ട് ഇനം	ഷോർട്ട്ഫാൾ ഇനത്തിൽ നഷ്ടമായ തുക (രൂ.)
2008-09	റോഡിതര മെയിന്റനൻസ് ഗ്രാന്റ്	86000
2010-11	റോഡിതര മെയിന്റനൻസ് ഗ്രാന്റ്	458000
2011-12	വികസന ഫണ്ട്	649000
	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	57000
	റോഡിതര മെയിന്റനൻസ് ഗ്രാന്റ്	372000
2012-13	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	92000
	ആകെ	**1714000**

സർക്കാർ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാതെ ഗ്രാമപഞ്ചയത്തിന് അർഹമായ ഫണ്ട് നഷ്ടപ്പെടുത്തുന്നത് ആശാസ്യമായ നടപടിയല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

3-3 പെർഫോമൻസ് ഗ്രാന്റ് വിനിയോഗത്തിൽ കെടുകാര്യസ്ഥത; 2013-14-ലെ ഗ്രാന്റ് നഷ്ടമായി

തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ലോകബാങ്ക് സഹായത്തോടെ സർക്കാർ ആവിഷ്കരിച്ച കെ.എൽ.ജി.എസ്.ഡി.പി. പദ്ധതി പ്രകാരം 2011-12-ൽ ലഭിച്ച പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കാതിരുന്നതിനാൽ പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിച്ച പ്രയോജനം പഞ്ചായത്തിനു ലഭിക്കാതെപോവുകയും 2013-14-ലെ ഗ്രാന്റ് നഷ്ടമാകുകയും ചെയ്തു. പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

വർഷം	മുന്നിരിപ്പ്	ലഭിച്ചതുക	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
2011-12	0	6,18,000	6,18,000	0	6,18,000	0%
2012-13	6,18,000	12,53,000	18,71,000	146579	1724421	7.83%
2013-14	1724421	0	1724421	1595751	128670	92.53%

മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും, നിലവിലുള്ള മൂലധന ആസ്തികളുടെ മെയിന്റനൻസിനുമാണ് പെർഫോമൻസ് ഗ്രാന്റ് നൽകുന്നത്.കൂടാതെ സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ എന്നിവയും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ഫ്രണ്ട് ഓഫീസ് നവീകരണം, ഓൺലൈൻ സർവീസ്, ഇ-ഗവേണൻസ് മുതലായ പദ്ധതികളും അനുവദനീയമാണ് [ജി.ഒ.(ആർ.റ്റി)നം.2668/2011, തീയതി 16.11.2011]. സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന ഗ്രാമപഞ്ചായത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഉതകുമായിരുന്ന ഫണ്ടാണ് വിനിയോഗത്തിലെ ഷോർട്ട്ഫോൾ മൂലം നഷ്ടമായത്.

3-4 ടെണ്ടർ കൂടാതെ അഗ്രോ ഇൻഡസ്ട്രീസിൽനിന്നും തെരുവ് വിളക്കുകൾ വാങ്ങിയത് ക്രമവിരുദ്ധം

തെരുവ് വിളക്കുകളുടെ വാങ്ങലിനും അറ്റകുറ്റ പണികൾക്കുമായി 2012-13-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം.S0112/13 പ്രകാരം വികസന ഫണ്ടിൽനിന്നും 2,33,000/- രൂപയും തനത് ഫണ്ടിൽനിന്നും 22,379/- രൂപയും ചെലവഴിക്കുകയുണ്ടായി. ആയതിൽ 131,813/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസിൽനിന്നുംബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് വിനിയോഗിച്ചു. ടെണ്ടർ ക്ഷണിച്ചല്ല വാങ്ങൽ നടത്തിയിരിക്കുന്നത്.

വാങ്ങൽ സംബന്ധിച്ച സമാഹരണ മാർഗ്ഗരേഖ പ്രകാരം [സ.ഉ (കൈ) 259/2010/ തസ്വഭവ തീയതി 8-11-2010] കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും കാർഷിക ഉപകരണങ്ങൾ മാത്രമേ നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു. KAICO നേരിട്ട് നിർമ്മിക്കാത്ത സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ ടി സ്ഥാപനവും സാധാരണ രീതിയിലുള്ള ടെണ്ടർ നടപടികളിൽ ഏർപ്പെടേണ്ടതായിരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സാധനങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയത് ശരിയായ നടപടിയല്ല. തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-5 വ്യവസ്ഥകൾ പാലിക്കാതെ ടെണ്ടർ പരസ്യം നൽകി; ചെലവ് നിരാകരിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം (സ.ഉ.(കൈ)259/2010/തസ്വഭവ, തീ. 08.11.10) ഒരു ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന ഗണത്തിൽപ്പെടുന്ന സാധന/സേവനങ്ങളുടെ വാങ്ങലുകൾക്ക് മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചുകൊണ്ടായിരിക്കണം ചെയ്യേണ്ടത്. ടെൻഡറുകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാള പത്രത്തിലും പരസ്യപ്പെടുത്തണം. പരസ്യ തീയതി മുതൽ ടെൻഡർ ഫോറങ്ങൾ വാങ്ങുന്നതിനും സമർപ്പിക്കുന്നതിനും 21 ദിവസം സമയം നൽകണം. എന്നാൽ 2012-13 വർഷം പത്ര പരസ്യം നൽകി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾക്ക്/വാങ്ങലുകൾക്ക് ടി വ്യവസ്ഥകൾ പാലിച്ചില്ല.

ക്രമ നം.	പ്രവൃത്തിയുടെ പേര്	പ്രോജക്റ്റ് നം.	അടങ്കൽ	പത്ര പരസ്യം നൽകിയ തീയതി	ടെണ്ടർ/ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	അനുവദിച്ച ദിവസങ്ങളുടെ എണ്ണം	ദിനപത്രത്തിന്റെ പേര്	ഇംഗ്ലീഷ് പത്രത്തിൽ വിജ്ഞാപനം നൽകിയട്ടുണ്ട്/ ഇല്ല	പരസ്യ നൽകുന്നതിന് ചെലവഴിച്ച തുക	ചെക്ക് നം. തീ.
1	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്	112	275050	14.11.12	17.11.12	3	മാതൃഭൂമി	ഇല്ല	4400	633730, 04.01.13
2	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്	112	275050	15.11.12	17.11.12	2	മനോരമ	ഇല്ല	2755	371919, 04.12.12
3	തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (പുനർ ദർഘാസ്)	112	275050	01.12.12	04.12.12	3	മാതൃഭൂമി	ഇല്ല	4400	633729, 28.12.12
4	തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (പുനർ ദർഘാസ്)	112	275050	29.11.12	04.12.12	5	മനോരമ	ഇല്ല	3857	633728, 28.12.12
	ആകെ								15412	

പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ ടെണ്ടർ/ക്വട്ടേഷൻ പരസ്യം നല്കിയത് ക്രമവിരുദ്ധമായ നടപടിയാണ്. മാത്രവുമല്ല, ടെണ്ടർ സമർപ്പിക്കുന്നതിന് ആവശ്യമായ സമയം അനുവദിക്കാതിരുന്നതിനാൽ ദർഘാസും, പുനർദർഘാസും നൽകിയിട്ടും നിശ്ചിത എണ്ണം ടെണ്ടറുകൾ ലഭിക്കുകയുണ്ടായില്ല. 12.12.12-ൽ വീണ്ടും മലയാള മനോരമ ദിനപത്രത്തിൽ പുനർദർഘാസ് നൽകിയതിനുശേഷമാണ് നിശ്ചിത എണ്ണം ടെണ്ടറുകൾ ലഭിച്ചത്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ പ്രകാരം പരസ്യം നൽകുന്നതിന് ചെലവഴിച്ച 15412 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

3-6 സമ്പൂർണ്ണ ഊർജ്ജസുരക്ഷാസൂത്രണത്തിന് മുടക്കിയ തുക അനെർട്ട് 'സുരക്ഷിത നിക്ഷേപമാക്കി'

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിക്കായി മൈലപ്ര ഗ്രാമ പഞ്ചായത്ത് 2007-08 സാമ്പത്തിക വർഷം 2,90,000/- രൂപയും 2008-09 സാമ്പത്തിക വർഷം 3,00,000/- രൂപയും ഉൾപ്പെടെ 5,90,000/- രൂപ പാരമ്പര്യേതര ഊർജ്ജ ഏജൻസിയായ 'അനെർട്ടിൽ' ഒടുക്കുകയുണ്ടായി.

പാരമ്പര്യേതര ഊർജ്ജ പദ്ധതിക്കായുള്ള വിവരശേഖരണം, വൈദ്യുതോൽപ്പാദന ഗ്യാസിഫയർ, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി അടുപ്പ്, ഗ്രാമ വൈദ്യുതീകരണത്തിനുള്ള സൗരോർജ്ജ വിളക്കുകൾ തുടങ്ങിയ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന

പ്രകാരമുള്ള യാതൊരു പ്രവർത്തനവും അനെർട്ട് നടത്തിയില്ല. പദ്ധതി പ്രവർത്തനം നടത്താതെ ലഭിച്ച തുക അനെർട്ട് അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പലിശ വാങ്ങുന്നു. തന്നെയുമല്ല പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് തുക മടക്കി നൽകുന്നതിനും അനെർട്ട് തയ്യാറായില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് തുക തിരികെ ലഭിക്കുന്നതിനായി അനെർട്ടിന് കത്ത് എഴുതുകയുണ്ടായി. ആയതിനെ തുടർന്ന് 3-7-2013-ൽ അനെർട്ട് നൽകിയ മറുപടിയിൽ (2888/പ്രോജക്ട്/അനെർട്ട്/2012(4) നമ്പർ കത്ത്) ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. "താങ്കളുടെ പഞ്ചായത്ത് ഊർജ്ജസൂത്രണത്തിനായി ഒടുക്കിയ 5,90,000/- രൂപയിൽ, ഊർജ്ജസൂത്രണവുമായി ബന്ധപ്പെട്ട് അനിവാര്യ സർവ്വെ മാത്രം നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് വിതരണം ചെയ്യാൻ ഉദ്ദേശിച്ച പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾക്കുള്ള ടെണ്ടറുകൾ ചില സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല". കൂടാതെ പദ്ധതി 31-3-2012-ൽ അവസാനിച്ചതായും, ഡെപ്പോസിറ്റ് ചെയ്ത തുക സർക്കാരിന്റെ അനുമതിയോടെ പഞ്ചായത്തിൽ മറ്റു പദ്ധതികൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതായും പറയുന്നു.

അനെർട്ടുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ, പഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ പദ്ധതി നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായാൽ നിക്ഷേപിച്ച തുക പ്രതിമാസം 2% പലിശ നിരക്കിൽ പഞ്ചായത്തിന് മടക്കി നൽകിക്കൊള്ളാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്ത് 5 വർഷത്തിനുശേഷവും യാതൊരു വിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല എന്നത് അപലപനീയമാണ്. ഈ സാഹചര്യത്തിൽ അനെർട്ടിൽ ഒടുക്കിയ മുഴുവൻ തുകയും കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള പലിശ സഹിതം തിരികെ ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3-7 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും (പ്രോജക്ട് നം.S0014/13) - ഉപകരണങ്ങൾ കൈമാറിയിട്ടില്ല

മേൽ പദ്ധതിക്കായി റോഡിതര സംരക്ഷണ ഗ്രാന്റിൽനിന്നും 3,30,378/- രൂപ ചെലവഴിക്കുകയുണ്ടായി (ഡി.ഡി നം.807797/23-3-13; 808457/27-3-13). കെൽട്രോണിൽ നിന്നുമാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാങ്ങിയ ഉപകരണം	എണ്ണം	വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയത്	ഓഫീസ് ആവശ്യത്തിന് എടുത്തത്
ക്ലയന്റ് കമ്പ്യൂട്ടർ	7	2 (അസി.എഞ്ചിനീയർ-1, കൃഷി ഓഫീസ്-1)	6
യു.പി.എസ്.-600VA	2	1 (അസി.എഞ്ചിനീയർ-1)	1
ലേസർ പ്രിന്റർ	2	1 (അസി.എഞ്ചിനീയർ-1	1
കാട്രിഡ്ജ്	1		1
യു.പി.എസ്.-3 KVA	1		1
കളർ ലേസർ പ്രിന്റർ	1		1
യു.പി.എസ്.-600VA Off line	1		1

മുകളിൽ സൂചിപ്പിച്ച പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങൾ ഒഴികെയുള്ളവ പഞ്ചായത്ത് ഓഫീസ് ഉപയോഗത്തിന് എടുക്കുകയായിരുന്നു.സംരക്ഷണ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ (ജി.ഒ.എം.എസ് 330/2004 ത.സ്വ.ഭ.വ., സർക്കുലർ 75326/എഫ്. എം.1/2007/ത.സ്വ.ഭ.വ) പ്രകാരം വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷിക്കുന്നതിനും മറ്റുമാണ് ഈ ഗ്രാന്റ് ഉപയോഗിക്കേണ്ടത്. റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ സ്വന്തം ഓഫീസ് ആവശ്യത്തിന് ഉപയോഗിച്ചുവരുന്നത്, മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ ലംഘനമാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി വാങ്ങുന്ന ഉപകരണങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് തന്നെ കൈമാറുന്നതാണ് ഉചിതം. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ പഞ്ചായത്ത് കൂടുതൽ ഉത്തരവാദിത്വം കാണിക്കേണ്ടതാണ്.

3-8 വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (പ്രോജക്ട് നം.S0009/13) - ഉപകരണങ്ങൾ കൈമാറിയില്ല

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫർണ്ണീച്ചർ വാങ്ങി സപ്ളൈ ചെയ്ത വകയിൽ സിഡ്കോയ്ക്ക് 1,98,329/- രൂപ നൽകുകയുണ്ടായി (ഡി.ഡി.നം.808300/27-3-13). വാങ്ങിയ സാധനങ്ങൾ ആർക്ക് വിതരണം ചെയ്തു എന്നതിന് കൃത്യമായ വിവരങ്ങൾ ഇല്ല. വാങ്ങിയ സാധനങ്ങൾ ഇപ്പോഴും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് പൂർണ്ണമായും നല്കിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	Item	No.	Price
1	Steel Cub board with locker	1	7,470
2	Steel Cub board without locker	7	49,336
3	Steel Cub board without locker	1	5,635
4	Office Table (Executive)	3	13,101

5	Medical Steel Rack	6	22,998
6	Office Chair	3	16,950
7	Palstic Chair with Arm	50	18,000
8	Plastic Chair without Arm	115	35,650
9	Steel Medicine Container	20	3,800
10	Office Chair	1	1,800
Total Amount Including 13.5% VAT			**1,98,329**

സാധന സാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ച 'സമാഹരണ മാർഗ്ഗരേഖ' പ്രകാരം [സ.ഉ (കൈ) 259/2010/ തസ്വഭവ തീയതി 8-11-2010] ഫർണ്ണീച്ചർ ഉൾപ്പെടെയുള്ള എല്ലാ സാധന സാമഗ്രികളും ടെണ്ടർ നടപടികളിലൂടെ മാത്രമെ വാങ്ങാവൂ എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത ഉത്തരവു പ്രകാരം SIDCO യിൽ നിന്നും ബിറ്റുമെൻ മാത്രമേ നേരിട്ട് വാങ്ങാൻ അനുവാദമുള്ളൂ. ഫർണിച്ചർ വാങ്ങിയത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനവും എടുത്തിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ പൂർണ്ണമായും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും ഭാവിയിൽ വാങ്ങൽ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതുമാണ്.

3-9 പൾസ് പോളിയോയ്ക്ക് വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിച്ചത് ക്രമവിരുദ്ധം

20.01.2013, 24.02.2013 തീയതികളിലെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി ഗ്രാമപ്പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്ന് 5000 രൂപവരെ ചെലവഴിക്കുന്നതിന് 07.01.2013-ലെ സർക്കാർ ഉത്തരവ് നം.53/2013/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ആവശ്യത്തിനായി പ്രോജക്ട് നം.102/13 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 5000 രൂപയും (ബിൽനം.03/12-13 തീയതി 26.03.2013) വികസന ഫണ്ടിൽനിന്ന് 2000 രൂപയും (ബിൽനം.01/12-13, തീയതി 26.03.2013) നൽകിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ്, വികസനഫണ്ട് എന്നിവയുടെ വിനിയോഗമാർഗ്ഗരേഖയും, സർക്കാർ ഉത്തരവും ലംഘിച്ച് ഫണ്ട് വകമാറ്റിച്ചെലവഴിക്കുകയാണുണ്ടായത്. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, തനതുഫണ്ടിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാലാണ് ഇപ്രകാരം ചെയ്യേണ്ടിവന്നത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ- തിരികെ ലഭിക്കാനുള്ളത് 55698 രൂപ

ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികൾക്കായി ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 55698 രൂപ തിരികെ ലഭിക്കാനുണ്ട്.

പ്രോജക്ട്നം	ഡെപ്പോസിറ്റ് ചെയ്ത തുക	ചെലവായ തുക	തിരികെ ലഭിക്കാനുള്ള തുക
85/11	84520	82729	1521
87/12	162000	107883	54177
ആകെ			**55698**

ടി തുക ഭൂജലവകുപ്പിൽനിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-11 ഇ.എം.എസ്. ഭവന പദ്ധതി - പദ്ധതി നിർവ്വഹണം നാമമാത്രം

മൈലപ്ര ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരും, ഭവനരഹിതരും ആയ കുടുംബങ്ങൾക്ക് സമ്പൂർണ്ണ ഭവനനിർമ്മാണം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2009-10 സാമ്പത്തിക വർഷം തുടക്കമിട്ട ഇ.എം.എസ്. ഭവന പദ്ധതിയിൽ 29 കുടുംബങ്ങൾക്ക് മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളത്. ജനറൽ, എസ്.സി. വിഭാഗങ്ങളിലായി ഭൂരഹിതരും ഭവനരഹിതരും ഉൾപ്പെടെ 205 പേരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഇവരിൽ 5 പേർക്ക് ഭൂമി വാങ്ങുന്നതിനും 29 പേർക്ക് ഭവന നിർമ്മാണത്തിനും ധനസഹായം നൽകി.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട44 പേർക്ക് IAY പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകി. അവശേഷിച്ച 132 പേർ ഇപ്പോഴും ഭവനരഹിതരാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താക്കളുടെ വിവരം	പൊതു വിഭാഗം	പട്ടിക ജാതി	പട്ടിക വർഗ്ഗം	ആകെ
ഭവന രഹിതർ	133	56	0	189
ഭൂരഹിത ഭവന രഹിതർ	11	5	0	16
ആകെ	144	61	0	205
ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ	26	3	0	29
IAY പദ്ധതിയുടെ ധനസഹായം ലഭിച്ചവർ	35	9	0	44

അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സമ്പൂർണ്ണ ഭവനനിർമ്മാണം അതിനാൽ ലക്ഷ്യം നേടിയില്ല.

ഇ.എം.എസ്. പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ ശ്രീമതി സരള റ്റി.ജി., മാധവവിലാസം, മൈലപ്ര എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു (20000 രൂ.) കൈപ്പറ്റിയിട്ടില്ല. ടിയാൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്.സി. വിഭാഗത്തിൽപ്പെട്ട ശ്രീ കെ.എസ്.ബാലൻ, ലക്ഷം വീട്, മൈലപ്ര എന്ന വ്യക്തി 12.03.12-ന് ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ആയതിനാൽ 20000 രൂപ മൈലപ്ര സർവ്വീസ് കോ.ഓ. ബാങ്ക് അക്കൗണ്ടിൽ (A/c.No.3893) മുടങ്ങി കിടക്കുന്നു. തുക മുൻകൂറായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-12 അംഗൻവാടി പോഷകാഹാര പദ്ധതി - തുക വകമാറ്റി ചെലവഴിച്ചു

അംഗൻവാടിവഴി നടത്തുന്ന അനുപൂരക പോഷകാഹാര വിതരണത്തിന്റെ ചെലവുകൾ വികസന ഫണ്ടിൽ നിന്നും 3:1 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ വഹിക്കുന്നു. ഇങ്ങനെ ചെലവഴിക്കുന്ന തുകയുടെ 50% നിബന്ധനകൾക്ക് വിധേയമായി സാമൂഹ്യക്ഷേമ വകുപ്പുവഴി കേന്ദ്രസർക്കാർ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നു. അനുപൂരക പോഷകാഹാര വിതരണത്തിന് ലഭിക്കുന്ന കേന്ദ്രസഹായവും ബ്ലോക്ക് വിഹിതവും മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന വരവുകൾ നിക്ഷേപിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മൈലപ്ര ശാഖയിലാണ് നിക്ഷേപിക്കുന്നത് (A/c.No. 67072023379).

2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ കേന്ദ്ര സഹായമായി 8,84,629 രൂപ ലഭിച്ചതിൽ 4,04,296 രൂപയും, ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ലഭിച്ച 3,41,601 രൂപയിൽ 2,37,299 രൂപയും ആണ് വകമാറ്റി ചെലവഴിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം			ബ്ലോക്ക് വിഹിതം		
	വരവ്	ചെലവ്	നീക്കിയിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
2007-08	172268	0	172268	84840	73013	11827
2008-09	194656	87500	107156	0	11833	11833
2009-10	103460	57179	46281	105295	31300	73995
2010-11	298441	161569	136872	35353	67856	32503
2011-12	74944	62516	12428	116113	53297	62816
2012-13	40860	35532	5328	0	0	0
ആകെ	884629	404296	480333	341601	237299	104302

ആകെ നീക്കിയിരിപ്പ് - 64667(OB)+480333+104302=649302

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനു ലഭിക്കുന്ന കേന്ദ്രവിഹിതം ഇതിനായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കേണ്ടതാണ്. കൂടാതെ, 12.04.06-ലെ ജി.ഒ.(പി)നം.177/06/ഫിൻ നമ്പർ ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം സംയുക്ത പദ്ധതികൾക്കുവേണ്ടി മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വിഹിതം ട്രഷറിയിൽ VPFA-II-ലാണ് നിക്ഷേപിക്കേണ്ടത്. ആയതിനു വിരുദ്ധമായി തുക തനതുഫണ്ടിൽ നിക്ഷേപിച്ചത് മൂലം 6,49,302 രൂപ മറ്റാവശ്യങ്ങൾക്കായി വകമാറ്റപ്പെട്ടു.

3.9.10-ലെ നം.39033/ഡി.സി2/2010/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. വകമാറ്റിയ തുക മേൽപറഞ്ഞ പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കേണ്ടതാണ്.

3-13 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ്. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 14 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 3 അങ്കണവാടികൾ മാത്രമാണ് സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റ് അങ്കണവാടികളുടെ അവസ്ഥ പരിതാപകരമാണ്. 140-ഓളം കുട്ടികൾ ഉള്ള ഈ അങ്കണവാടികളിലെ കുടിവെള്ളം, ടോയ് ലറ്റ്, ഫർണിച്ചർ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ അധികാരവികേന്ദ്രീകരണം നടപ്പാക്കി ഒന്നര ദശാബ്ദം പിന്നിട്ടിട്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോടുള്ള അവഗണന വ്യക്തമാക്കുന്നു.

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

3-14 കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

2012–13 വർഷം കാർഷിക മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ ലക്ഷ്യം കണ്ടില്ല. പ്രോജക്ടുകൾക്ക് വകയിരുത്തിയിരുന്ന ഫണ്ട് ഭാഗികമായി മാത്രമാണ് ചെലഴിച്ചിട്ടുളളത്. ആകെ 406700 രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്നതിൽ 123801 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുളളത് (ചെലവ് ശതമാനം – 14%). വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ക്രമ നം.	പ്രോജക്ടുകൾ	വികസന ഫണ്ട് വകയിരുത്തിയത്	ഗുണഭോക്തൃ വിഹിതം വകയിരുത്തിയത്	ആകെ	വികസന ഫണ്ട് ചെലവഴിച്ചത്	വികസന ഫണ്ട് ചെലവ് ശതമാനം	ഗുണഭോക്താക്കളുടെ എണ്ണം	ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം
1	S0058/13 – തെങ്ങ് കൃഷിക്ക് വളപ്രയോഗവും ജലസേചനവും	175000	175000	350000	67248	38%	213	94
2	S0060/13– കിഴങ്ങുവിളകൃഷി (ചേനവിത്തും വളവും വിതരണം)	75000	55000	130000	20238	27%	125	36
3	S0063/13 – വാഴകൃഷിക്ക് വിത്തും വളവും	100000	70000	170000	17760	18%	250	46
4	S0064/13 – വാഴകൃഷി വികസനം (എസ്.സി.പി)	57045	39200	96245	1836	3%	90	3
5	S0072/13 – പച്ചക്കറി വികസനം	50000	45000	95000	16719	33%	50	22
6	S0038/13 – പച്ചക്കറി വികസനം (എസ്.സി.പി)	25000	22500	47500	00	0%	25	0
	ആകെ	482045	406700	888745	123801	14%	753	201

2012–13–ലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ കാർഷിക മേഖലയിലെ പ്രോജക്ടുകൾക്ക് വേണ്ടത്ര ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ പദ്ധതികൾക്ക് വകയിരുത്തിയ തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയത് ന്യായീകരണം അർഹിക്കുന്നില്ല. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് ഭരണസമിതിയും തികഞ്ഞ ഉദാസീനതയാണ് കാട്ടിയിട്ടുള്ളത്. കാർഷിക മേഖലയിലെ പദ്ധതിനടത്തിപ്പ് ഫലപ്രദമാക്കേണ്ടതാണ്.

3-15 വനിതാഘടക പദ്ധതി - പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ 10% തുക വനിതാ ഘടകപദ്ധതിയിൽ വകയിരുത്തേണ്ടതാണെന്ന് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നു. വനിതകൾ ഗൃഹനാഥകളായ പ്രത്യേകിച്ച് നിരാലംബരായ സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന പദ്ധതികളായിരിക്കണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഓഡിറ്റ് വർഷം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ സർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസൃതമായിരുന്നില്ല.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
5/13	കുടുംബശ്രീ വനിതകൾക്ക് മുട്ടക്കോഴി വിതരണം	144600	123480
27/13	അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം	37800	37800
28/13	കാലിത്തൊഴുത്ത് നിർമ്മാണം	170000	170000
63/13	വാഴകൃഷിക്ക് വിത്ത്, വളം	370000	17760

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും, സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുബങ്ങൾക്കുവേണ്ടി മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കാലിത്തൊഴുത്ത് നിർമ്മാണം എന്ന പദ്ധതിയ്ക്ക് പുരുഷന്മാരേയും ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല.

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-16 തിരിച്ചറിയാനാവാത്ത സ്ഥിര നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ പേരിൽ എടുത്ത 7000 രൂപയുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് (Term Deposit Receipt No.383486 - Interest Rate 7%) ഡെപ്പോസിറ്റ് കാലയളവിന് ശേഷവും മടക്കി നൽകുകയോ, പുതുക്കുകയോ, പണമാക്കുകയോ ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. പത്തനംതിട്ട വിജയാ ബാങ്ക് ശാഖയിൽ 02.08.10-ൽ നടത്തിയിട്ടുള്ള നിക്ഷേപം 02.09.11-ൽ കാലാവധി പൂർത്തിയായിട്ടുള്ളതാണ്. ശ്രീ മുഹമ്മദ് ഷാൻ എന്നയാളാണ് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. ഏത് ഇനത്തിലാണ് ടിയാൻ തുക നിക്ഷേപിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-17 കുന്നുകുട്ടി പരിപാലന പദ്ധതി - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വെറ്റിനറി സർജൻ മുഖേന നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 225000 രൂപ വികസന ഫണ്ട് പിൻവലിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തൻവർഷം വകുപ്പ് മുഖേന ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ 50% സബ്സിഡിയാണ് ഗ്രാമപഞ്ചായത്ത് വകയിരുത്തിയത്. പദ്ധതി നിർവ്വഹണം പൂർത്തിയായതിനുശേഷം അക്കൗണ്ടിൽ അവശേഷിക്കുന്ന 40642 രൂപ ഗ്രാമപഞ്ചായത്തു ഫണ്ടിൽ തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

വികസനഫണ്ട് വിഹിതം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക	പദ്ധതിയിൽ അവശേഷിക്കുന്ന തുക
225000	30	184358	40642

3-18 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ഇല്ല

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 2012-13 വർഷംസെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. S0090/13 പ്രകാരം 1,50,000/- രൂപ തൃശ്ശൂർ ഔഷധിക്ക് നൽകുകയുണ്ടായി (ഡി.ഡി.നം.451665, തീ. 13-2-13). മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ, സ്റ്റോക്ക്, വിതരണ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-19 ആശ്രയ പദ്ധതി - പദ്ധതി നിർവ്വഹണം തൃപ്തികരമല്ല

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പിന്തള്ളപ്പെട്ടവരും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, പരസഹായമില്ലാതെ ജീവിക്കാൻ പറ്റാത്തവരുമായ വ്യക്തികളെ കണ്ടെത്തി അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകി സംരക്ഷിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തി സാമൂഹ്യ സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് 2007-08 വർഷം ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയ്ക്ക് തുടക്കമിട്ടത്. എന്നാൽ 7 വർഷങ്ങൾ പിന്നിട്ടിട്ടും പദ്ധതിയിലൂടെ അഗതി കുടുംബങ്ങൾക്ക് ആശ്രയം നൽകാൻ സാധിച്ചിട്ടില്ല.

അഗതി ആശ്രയ പദ്ധതിയുടെ ഭാഗമായി ആകെ 62 കുടുംബങ്ങളെയായിരുന്നു തെരഞ്ഞെടുത്തിരുന്നത് (ജനറൽ – 35, എസ്സ്.സി.– 27). അവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം, കുടിവെള്ളം, ഭവനനിർമ്മാണം എന്നിവയ്ക്ക് ആക്ഷൻപ്ലാൻ അനുസരിച്ച് 36,04,200 രൂപയാണ് അടങ്കൽ വകയിരുത്തിയിരുന്നത്. എന്നാല് പദ്ധതിക്കായി നാളിതുവരെ 2173500 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ആക്ഷൻ പ്ലാൻ പ്രകാരം വകയിരുത്തിയിരുന്ന തുക	ലഭിച്ച തുക	ചെലവ്	ചെലവ് ശതമാനം
ഗ്രാമപഞ്ചായത്ത് വിഹിതം	2000000	1228500	375000	30.53%
ജില്ലാപഞ്ചായത്ത് വിഹിതം	300000	0	0	0.00%
ബ്ലോക്ക് പഞ്ചായത്ത് വികസനഫണ്ട്	300000	240000	0	0.00%
കുടുംബശ്രീ ചലഞ്ച് ഫണ്ട്	901050	705000	569124	80.73%
സംഭാവന	103150	0	0	
ആകെ	3604200	2173500	944124	43.44%

ആശ്രയ പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തു വിഹിതമായി ലഭിച്ച 2.4 ലക്ഷം രൂപയിൽ ഒരു ലക്ഷം മാത്രമാണ് ആശ്രയ പദ്ധതിക്കായി വകമാറ്റി നൽകിയിട്ടുള്ളത്. അവശേഷിച്ച 1.4 ലക്ഷം രൂപ തനതു ഫണ്ടിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തിന്റെ ദൈനംദിനാവശ്യങ്ങൾക്ക് ചെലവഴിച്ചു വരികയാണ്.

ഓഡിറ്റ് തീയതിയിൽ 14,60,555 രൂപ ആശ്രയ അക്കൗണ്ടിൽ (SBT Mylapra A/c. 67058561836) അവശേഷിക്കുന്നു. 7 വർഷങ്ങൾക്കു മുമ്പ് തുടക്കമിട്ട ആശ്രയ പദ്ധതി നാളിതുവരെ നിർവ്വഹണം പൂർത്തിയായിട്ടില്ലെന്നത് പദ്ധതിയോടുള്ള ഗ്രാമ പഞ്ചായത്തിന്റെ അവഗണന വ്യക്തമാക്കുന്നു. പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില (2012-13)

ഇനം	*മുന്നിരിപ്പ്*	*വരവ്*	*ആകെ*	*ചെലവ്*	*നീക്കിയിരിപ്പ്*
ഫണ്ട് എ	19,53,558	87,83,210	1,07,36,768	69,78,200	37,58,568
ബി	—	35,03,734	35,03,734	35,03,734	--
സി	8,00,078	36,95,611	44,95,689	26,13,870	18,81,819
ഡി	4,77,559	21,14,074	25,91,632	19,88,838	6,02,795
ഇ	3,58,407	68,83,722	72,42,129	72,21,556	20,573
എഫ്	10,46,271	29,27,948	39,74,219	33,14,648	6,59,571
ജി	--	7,95,880	7,95,880	7,95,880	--
ആകെ	**46,35,873**	**2,87,04,179**	**3,33,40,052**	**2,64,16,726**	**69,23,126**

നീക്കിയിരിപ്പിന്റെ വിശദാംശം

അക്കൗണ്ടുകൾ		**നീക്കിയിരിപ്പ്**
ട്രഷറി അക്കൗണ്ടുകൾ	*അക്കൗണ്ട് നമ്പർ*	*തുക*
VPFA 1		6,02,795
VPFA 2		18,34,525
VPFA 3		18,81,819
VPFA 4		1,99,622
VPFA 5		17,24,421

ബാങ്ക് അക്കൗണ്ടുകൾ	അക്കൗണ്ട് നമ്പർ	
SBT (തനത് ഫണ്ട്)	67072023379	6,31,542
SCB (സാക്ഷരത)		253
SBT തൊഴിലുറപ്പ് പദ്ധതി	67061800511	20,573
കാഷ് ഇൻ ഹാൻഡ്		27,576
ആകെ		**69,23,126**

4-2 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചിലവ് എന്നിവയുടെ തിരിച്ചടവ്

ഇല്ല

മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക നം	വരവ്/ചെലവ്	ഒടുക്കിയ ആളുകളുടെ പേരും വിവരവും	രസീത് നമ്പർ തീയതി
1999–00	30	100	വിശ്വനാഥൻ ആചാരി, സെക്രട്ടറി	1571/78 17.01.2013
1999–00	31	14	വിശ്വനാഥൻ ആചാരി, സെക്രട്ടറി	1571/79 17.01.2013

4-3 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	32543972
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	25620846
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	295654
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	150000

(ബി) പഞ്ചായത്ത ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക (രൂ)		ഉത്തരവാദിയായ ആളുകളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3–1		280242 (തുല്യമായി)	എൽസി ഈശോ, പ്രസിഡന്റ്
			ഏബ്രഹാം മത്തായി, വൈസ് പ്രസിഡന്റ്
			കൃഷ്ണൻ കെ.വി., വാർഡ് മെമ്പർ
			ജെസ്സി ഏബ്രഹാം, വാർഡ് മെമ്പർ
			ചന്ദ്രിക സുനിൽ, വാർഡ് മെമ്പർ
			ശോശാമ്മ ജോൺസൻ, വാർഡ് മെമ്പർ
			പുഷ്പലത രാധാകൃഷ്ണൻ,വാർഡ് മെമ്പർ
			പി കെ ഗോപി, വാർഡ് മെമ്പർ
			പ്രസന്ന മോഹൻ, വാർഡ് മെമ്പർ
			ഷാജൻ ഡാനിയേൽ, വാർഡ് മെമ്പർ
			ബേബി, വാർഡ് മെമ്പർ
			ബിജു വർഗീസ്, വാർഡ് മെമ്പർ
			രാധാമണി, വാർഡ് മെമ്പർ
3–5		15412	ശ്രീ. പി. കെ. ജോൺ, സെക്രട്ടറി
ആകെ		**2,95,654**	

തടസ്സപ്പെടുത്തിയ തുക

3-18	1,50,000
ആകെ	**1,50,000/-**

സി)കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീമതി. എൽസി ഈശോ	ജനപ്രതിനിധി, വാർഡ് നം. I	കൊച്ചുമണ്ണിൽ, മേക്കോഴൂർ പി ഒ
2	ശ്രീ. ഏബ്രഹാം മത്തായി	ജനപ്രതിനിധി, വാർഡ് നം. II	കളീയ്ക്കൽ, മേക്കൊഴൂർ പി ഒ
3	ശ്രീ .കൃഷ്ണൻ കെ വി	ജനപ്രതിനിധി, വാർഡ് നം. III	പൂവണ്ണത്തിൽ വീട്, ചീങ്കൽത്തടം പി ഒ
4	ശ്രീമതി. ജെസ്സി ഏബ്രഹാം	ജനപ്രതിനിധി, വാർഡ് നം. IV	അമ്പാട്ടുപറമ്പിൽ,മണ്ണാറക്കുളഞ്ഞി, മേക്കോഴൂർ പി ഒ
5	ശ്രീമതി. ചന്ദ്രിക സുനിൽ	ജനപ്രതിനിധി, വാർഡ് നം. V	മാധവ വിലാസം, മൈലപ്ര ടൗൺ പി ഒ
6	ശ്രീമതി. ശോശാമ്മ ജോൺസൻ	ജനപ്രതിനിധി, വാർഡ് നം. VI	പുന്നമൂട്ടിൽ, മൈലപ്ര പി ഒ
7	ശ്രീമതി. പുഷ്പലത രാധാകൃഷ്ണൻ	ജനപ്രതിനിധി, വാർഡ് നം. VII	കിഴക്കേതലപ്പോയിൽ വീട്, മൈലപ്ര പി ഒ
8	ശ്രീ.പി കെ ഗോപി	ജനപ്രതിനിധി, വാർഡ് നം. VIII	പനനിൽക്കുന്നതിൽ വീട്, മൈലപ്ര പി ഒ
9	ശ്രീമതി. പ്രസന്ന മോഹൻ	ജനപ്രതിനിധി, വാർഡ് നം. IX	പുത്തൻ വീട്, മൈലപ്ര പി ഒ
10	ശ്രീ.ഷാജൻ ഡാനിയേൽ	ജനപ്രതിനിധി, വാർഡ് നം. X	വട്ടത്തകിടിയിൽ, മൈലപ്ര ടൗൺ പി ഒ
11	ശ്രീ.ബേബി	ജനപ്രതിനിധി, വാർഡ് നം. XI	പുനവേലിൽ, മൈലപ്ര ടൗൺ പി ഒ
12	ശ്രീ. ബിജു വർഗീസ്	ജനപ്രതിനിധി, വാർഡ് നം. XII	നെല്ലുവിളയിൽ, മണ്ണാറക്കുളഞ്ഞി പി ഒ
13	ശ്രീമതി. രാധാമണി	ജനപ്രതിനിധി, വാർഡ് നം. XIII	കാട്ടുകല്ലിൽ, മേക്കൊഴൂർ പി ഒ
14	ശ്രീ. പി.കെ. ജോൺ,	സെക്രട്ടറി, മൈലപ്ര ഗ്രാമപഞ്ചായത്ത്	പുത്തൻപറമ്പിൽ, മാരൂർ പി.ഒ എളമണ്ണൂർ, പത്തനാപുരം.

എഫ്) ഓഡിറ്റ് സംഗ്രഹം

ജി) ഓഡിറ്റ് എൻക്വയറികളുടെ വിശദാംശങ്ങൾ

നൽകിയ ഓഡിറ്റ് എൻക്വയറികളുടെ എണ്ണം	മറുപടി ലഭിച്ചത്	മറുപടി ലഭിക്കാത്തത്	റിമാർക്സ്
19	17	2	എല്ലാ ഓഡിറ്റ് എൻക്വയറികൾക്കും മറുപടി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	*ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം*	*തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം*
1997-98	എൽ.എഫ്.പി.റ്റി.എ.പി2-194/02, തീയതി 15-01-2002	13
1998-99	എൽ.എഫ്.പി.റ്റി.എ.പി2-673/01, തീയതി 13-11-2001/ 29-12-2001	7
2000-01	എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി 16-08-2002	3

2001-02	എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി 03-04-2003/ 29-11-03	1
2003-04	എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി 15.02.2005/12.08.2005	3
2007-08	എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി 08.12.2011	14
2008-09 & 2009-10	എൽ.എഫ്.പി.റ്റി.എ.പി9-866/12,തീയതി 11-12-2012	10
2010-11	എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി 06-09-2013/10-12-13	10
2011-12	എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി 11-09-2013/10-12-13	21

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ. ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

----------------------------------ഇല്ല------------------------------------

ബി ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

----------------------------------ഇല്ല------------------------------------

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട ജില്ല